## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **12-02-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിലാക്കുന്ന സർക്കാർ നയം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ ഉന്നത നിലവാരത്തിലാക്കുന്ന സർക്കാർ നയം ഏതെല്ലാം തരത്തിലാണ് നടപ്പാക്കി വരുന്നത്; | (എ) | കൂടുതൽ കാലം ഈട്ടു നിൽക്കുന്ന ബി.എം. & ബി.സി. റോഡുകൾ നിർമ്മിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ റോഡുകളും മണ്ണിന്റെ ഘടന, ഭൂഗർഭ ജലനിരപ്പ്, കാലാവസ്ഥ വ്യതിയാനങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്ത് ഡിസൈൻ ചെയ്ത് ദീർഘകാലം ഈട്ടുനിൽക്കുന്ന ബി.എം. & ബി.സി. പോലുള്ള നവീന രീതികൾ ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ദീർഘകാലം ഈട്ടുനിൽക്കുന്നതും പരിപാലന ചിലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിങ്ങ് സാങ്കേതിക വിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗര പാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>കൂടാതെ നിലവിലുള്ള റോഡ് കുഴിച്ചെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്ത് തന്നെ പുനർനിർമ്മാണത്തിന് ഉപയോഗിക്കുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി, ജർമ്മൻ നിർമ്മിത മില്ലിംഗ് യന്ത്രം ഉപയോഗിച്ചുള്ള കോൾഡ് ഇൻപ്ലേസ് റീസൈക്ലിംഗ് നിർമ്മാണ രീതി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, എന്നിവ റോഡ് നിർമ്മാണത്തിൽ ഉപയോഗിച്ചു വരുന്നു. പുതിയതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളം പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തു വരുന്നു. സാങ്കേതിക രംഗത്തെ നവീന ആശയങ്ങളെ കുറിച്ച് ബോധവൽക്കരണം നൽകുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടികളും ശിൽപ്പശാലകളും സംഘടിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ റോഡുകളും ബി.എം. & ബി.സി. നിലവാരത്തിൽ ഘട്ടം ഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം റോഡുകളിൽ അവയുടെ നിർമ്മാണ രീതിയ്ക്കനുസരിച്ച് പരിപാലന കാലാവധി നിശ്ചയിച്ചിട്ടുള്ളതും ഈ കാലയളവിൽ റോഡിന്റെ പരിപൂർണ്ണമായ സംരക്ഷണ ചുമതല പ്രവൃത്തി ചെയ്തിട്ടുള്ള കരാറുകാരനിൽ തന്നെ നിക്ഷിപ്തമാക്കിയിട്ടുള്ളതുമാണ്.<br><br>പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ റോഡുകളും 'Pot hole' ഇല്ലാതെ സംരക്ഷിക്കപ്പെടുക എന്ന ഉദ്ദേശ്യത്തോടു കൂടി Running Contract സംവിധാനം ഫലപ്രദമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം മഴക്കാലത്തിന് ശേഷം ഉണ്ടാകാൻ സാധ്യതയുള്ള തകരാറുകൾ കൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് Estimate തയ്യാറാക്കാറുള്ളത്. അതിനാൽ താമസംവിനാ അടിയന്തിര പരിഹാര നടപടികൾ സ്വീകരിയ്ക്കാൻ സാധിയ്ക്കുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആകെ എത്ര കിലോമീറ്റർ റോഡുണ്ടെന്നും അതിൽ എത്ര കിലോമീറ്റർ റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തീകരിച്ചുവെന്നുമുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ച് വരുന്നു. |
| (സി) | 2011 മുതൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച ആകെ റോഡുകളുടെ എണ്ണവും കിലോമീറ്ററും അതിൽ ബി.എം.&ബി.സി. നിലവാരത്തിൽ ആക്കിയ റോഡുകളുടെ എണ്ണം, നിർമ്മിച്ച പാലങ്ങളുടെ എണ്ണം (ജില്ല തിരിച്ച് ) ഓരോന്നിനും ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം 2011 മുതൽ 2016 വരെ, 2016 മുതൽ 2021 വരെ, 2021 മുതൽ 2024 വരെ എന്നീ കാലയളവുകളായി വേർതിരിച്ച് ലഭ്യമാക്കുമോ;? | (സി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ